# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## ഈ വിശുദ്ധ പദവി പ്രഖ്യാപനം കുടുംബങ്ങൾക്കുള്ള ഓർമ്മപ്പെടുത്തൽ



സ്വർഗ്ഗം ഭൂമിയോട് സംസാരിക്കുന്നത് പലപ്പോഴും അടയാളങ്ങളിലൂടെയാണ്. വിശുദ്ധ കൊച്ചുത്രേസ്യയുടെ മാതാപിതാക്കളായ ലൂയി മാർട്ടിനെയും സെലി ഗ്വെരിനെയും ഒക്ടോബർ 18ന് ഫ്രാൻസിസി മാർപാപ്പ വിശുദ്ധരായി പ്രഖ്യാപിക്കുമ്പോൾ അത് വർത്തമാനകാലത്തിന് സ്വർഗ്ഗം തരുന്ന ഉത്തരമാണ്. കാരണം, ഈ കാലഘട്ടത്തിൽ കുടുംബങ്ങൾ ഏറെ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. അനേകം കുടുംബങ്ങൾ തകർച്ചയുടെ വക്കിലാണ്. കൊച്ചുത്രേസ്യയുടെ മാതാപിതാക്കൾ ഒരുപട് വലിയ കാര്യങ്ങൾ ചെയ്തതായി അറിവില്ല.

അവർ ചെയ്ത ഏറ്റവും പ്രധാന കാര്യം മക്കളെ ദൈവോന്മ•ുഖരായി വളർത്തുകയും ദൈവികപദ്ധതികൾക്ക് അവരെ വിട്ടുനൽകുകയും ചെയ്തു എന്നതാണ്. അവരുടെ ഒമ്പതു മക്കളിൽ നാലുപേർ ചെറുപ്പത്തിൽ മരിച്ചിരുന്നു. ബാക്കിയുള്ള അഞ്ചുപേരും സമർപ്പിത ജീവിതം തിരഞ്ഞെടുക്കുമ്പോൾ ആ മാതാപിതാക്കൾ തടസം നിന്നില്ല. ഈ ദമ്പതികൾ മക്കളെപ്പറ്റി കണ്ടിരുന്ന സ്വപ്നം അവർ വിശുദ്ധരായിത്തീരണമെന്നതായിരുന്നു. അവരുടെ ജീവിതം ആ സ്വപ്നത്തെ ചുറ്റിപ്പറ്റി ഉള്ളതായിരുന്നു എന്ന് പിൽക്കാല സംഭവങ്ങൾ തെളിയിക്കുന്നു. അവരുടെ ആഗ്രഹത്തിന് സ്വർഗ്ഗം നൽകിയ ആദ്യ ആശീർവാദമായിരുന്നു കൊച്ചുത്രേസ്യയുടെ വിശുദ്ധപദവി. മറ്റുള്ളവരെ വിശുദ്ധിയിലേക്ക് ആനയിക്കുന്നവരെ സ്വർഗ്ഗം എക്കാലവും മാനിക്കുമെന്നതിന്റെ തെളിവാണ് ഈ വിശുദ്ധ പ്രഖ്യാപനം. മാതാപിതാക്കൾ നൂറു ശതമാനം വിശ്വസ്തതയോടും ആത്മാർത്ഥതയോടുംകൂടെ തങ്ങളുടെ കടമകൾ നിർവ്വഹിക്കുമ്പോൾ അവർ വിശുദ്ധിയിലേക്ക് വളരുകയാണെന്ന ഉറപ്പാണ് ഈ ദമ്പതികളുടെ വിശുദ്ധപ്രഖ്യാപനം നൽകുന്നത്.

മക്കളെ ഓർത്ത് ആകുലപ്പെടുന്ന മാതാപിതാക്കളുടെ എണ്ണം പെരുകുകയാണ്. മക്കൾ വഴിതെറ്റിപ്പോകുമോ എന്ന് അനേകർ ആശങ്കപ്പെടുന്നു. വിശുദ്ധ കൊച്ചുത്രേസ്യയുടെ മാതാപിതാക്കൾ മക്കളെക്കുറിച്ച് കണ്ട സ്വപ്നം അവർ വിശുദ്ധരാകണമെന്നതായിരുന്നു. അതിനാൽ പുണ്യത്തിലേക്ക് വരാനുള്ള വെള്ളവും വളവും നൽകപ്പെട്ടത് ഭവനത്തിൽവച്ചായിരുന്നു. ആധുനിക ലോകത്തിൽ മാതാപിതാക്കളുടെ ഉൽക്കണ്ഠ

വർധിക്കുന്നുണ്ടെങ്കിൽ അതിന് പ്രധാന കാരണം, ഇത്തരത്തിലുള്ള ആഗ്രഹങ്ങൾ മക്കളെക്കുറിച്ച് ഇല്ലാതെപോകുന്നതാണ്. മക്കളുടെ ഭൗതിക വളർച്ചയെപ്പറ്റി മാതാപിതാക്കൾക്ക് ആഗ്രഹങ്ങൾ ഉണ്ടാകുന്നത് തെറ്റല്ല. പക്ഷേ, അവർ ഏതൊക്കെ മേഖലകളിൽ ശോഭിച്ചാലും അവരുടെ നിത്യജീവനാണ് ഏറ്റവും പ്രാധാന്യം നൽകേണ്ട്, ഭൗതികമായ സാധ്യതകളും വഴികളും അവരെ പരിചയപ്പെടുത്തിയപ്പോൾ ആത്മീയതയുടെ പാഠങ്ങൾ പകരാൻ പലരും മറന്നുപോകുന്നു. അല്ലെങ്കിൽ ലക്ഷ്യങ്ങളിലേക്കുള്ള യാത്രയിൽ ആത്മീയത തടസമാകുമെന്ന തെറ്റിദ്ധാരണ എങ്ങനെയൊക്കെയോ അവരെ സ്വാധീനിച്ചു. സ്വഭാവികമായി വിശ്വാസത്തിനും ദൈവവിചാരത്തിനും കുടുംബങ്ങളിൽ പ്രാധാന്യം കുറയുകയും തൽഫലമായി മക്കളുടെ ജീവിതത്തിൽ നിന്ന് ആത്മീയത പടിയിറങ്ങിപ്പോവുകയും ചെയ്തു.

പുതിയ തലമുറ ലോകത്തിന്റെ സന്തോഷങ്ങളിലേക്ക് വല്ലാതെ ആകർഷിക്കപ്പെടുന്നുണ്ടെങ്കിൽ അതിനർത്ഥം വളർച്ചയുടെ വഴികളിൽ ദൈവവിചാരം മങ്ങിപ്പോയി എന്നാണ്. മക്കൾ വിശുദ്ധരാകണമെന്ന ചിന്തയോടെയാണോ മക്കളെ വളർത്തുന്നതെന്ന് മാതാപിതാക്കൾ ആലോചിക്കണം. അതിനർത്ഥം മക്കൾ എല്ലാവരും വൈദികസന്യസ്ത മേഖലകളിൽ എത്തണമെന്നല്ല, ജീവിതത്തിന്റെ ഏതു തുറകളിൽ ഉള്ളവർക്കും വിശുദ്ധരാകാൻ കഴിയും. ഏതു മേഖലകളിൽ എത്തിയാലും ആത്മീയതയിൽ അടിത്തറയിട്ടവർ മനുഷ്യസ്നേഹികളും സമൂഹത്തിന് നന്മചെയ്യണമെന്ന് ആഗ്രഹിക്കുന്നവരുമാകും. സ്വാഭാവികമായും അത്തരക്കാർ സമൂഹത്തിന് മുതൽക്കൂട്ടാണ്. അവരുടെ പ്രവർത്തികൾ വിശുദ്ധവുമാണ്.

ഭൗതികത സമൂഹത്തെ കീഴടക്കുന്നു എന്ന് വിലപിക്കുമ്പോൾ ആദ്യം തിരിയേണ്ടത് കുടുംബങ്ങളിലേക്കാണ്. കുടുംബങ്ങൾക്ക് വഴിതെറ്റിത്തുടങ്ങിയിരിക്കുന്നു എന്നതിന്റെ തെളിവാണ് സമൂഹത്തെ ബാധിച്ചിരിക്കുന്ന മൂല്യശോഷണം. ഇത്തരം സംഭവങ്ങൾ സൂചനയാണ്. മക്കൾക്ക് ഉറച്ച ആത്മീയ അടിത്തറ നൽകാൻ സാധിച്ചാൽ അവരുടെ വഴികൾ തെറ്റുമോ എന്ന് ഭയപ്പെടേണ്ടിവരില്ല. മക്കളുടെ മനസുകളിൽ ഭൗതിക ലക്ഷ്യങ്ങൾമാത്രം നിറയ്ക്കുമ്പോൾ മാതാപിതാക്കൾ സ്വയം കുഴിതോണ്ടുകയാണ്. അത്തരം ചിന്തകൾ തലയ്ക്കുപിടിച്ചു വളരുന്ന മക്കൾ മാതാപിതാക്കളെ സ്നേഹിക്കാനും കരുതാനും സംരക്ഷിക്കാനും മറക്കും. കാരണം, അവരെ സംബന്ധിച്ചിടത്തോളം ലാഭകരമല്ലാത്തതിനുവേണ്ടി പണവും സമയവും ചെലവഴിക്കുന്നത് മണ്ടത്തരമാണ്. മാതാപിതാക്കളിൽനിന്നും സ്വായത്തമാക്കിയ പാഠങ്ങളാണത്. അതുകൊണ്ടാണ് പ്രായമായ മാതാപിതാക്കളെ വൃദ്ധസദനങ്ങളിലും വഴിയോരങ്ങളിലുമൊക്കെ ഉപേക്ഷിക്കുന്ന മക്കളെക്കുറിച്ചുള്ള വാർത്തകൾ പെരുകുന്നത്.

മൺമറഞ്ഞുപോയ പല സംസ്കാരങ്ങളെപ്പറ്റിയും പഠിക്കുമ്പോൾ തകർച്ചയുടെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് കുടുംബങ്ങളുടെ തകർച്ചയാണ്. മൂല്യശോഷണങ്ങൾ ആദ്യം സമൂഹത്തെയാണ് ബാധിക്കുന്നതെങ്കിൽ അടുത്തഘട്ടം കുടുംബങ്ങളിലേക്ക് എത്തും. അവിടെനിന്നും സംസ്കാരങ്ങളെ തകർക്കുന്ന വിധത്തിലേക്ക് അത് വളരും. മക്കളെ ദൈവോന്മ•ുഖരും മനുഷ്യസ്നേഹികളുമായി വളർത്തിക്കൊണ്ടുവരണമെങ്കിൽ മാതാപിതാക്കളിൽ അത്തരം ഗുണങ്ങൾ ഉണ്ടാകണം. അവരുടെ വാക്കുകളല്ല, പ്രവൃത്തികളാണ് പുതിയ തലമുറയെ സ്വാധീനിക്കുന്നത്. മക്കൾക്ക് നന്മയുടെ വഴികൾ പരിചയപ്പെടുത്തുമ്പോൾ മാതാപിതാക്കളും സ്വർഗ്ഗത്തിന് അനുരൂപരായി മാറുകയാണ്. മാതാപിതാക്കൾക്ക് സ്വർഗ്ഗം നൽകുന്ന ഒരു ഓർമപ്പെടുത്തലായി വിശുദ്ധ പദവി പ്രഖ്യാപനത്തെ സ്വീകരിക്കാം.